**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **06-12-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക അച്ചടക്കം പാലിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ അടക്കം ജനങ്ങൾക്ക് മതിയായ സേവനം നൽകുന്നതിന് പണം സൂക്ഷിച്ച് ചെലവഴിക്കണം എന്ന നിർദേശം നിലനിൽക്കെ നിയമ സെക്രട്ടറിയും അഡ്വക്കെറ്റ് ജനറലും അടങ്ങുന്ന നിയമ വിദഗ്ദ്ധർ ഉള്ളപ്പോൾ ലക്ഷങ്ങൾ ഫീസ് നൽകി മറ്റ് അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടുന്നത് ധനവകുപ്പിന്റെ അറിവോടെയാണോ എന്ന് വ്യക്തമാക്കാമോ; | (എ) | ബഹു.സുപ്രീം കോടതിയിലെ സർക്കാർ കേസുകൾ വാദിക്കുന്നതിന് സർക്കാർ പാനലിൽപ്പെട്ട അഭിഭാഷകർക്ക് ഫീസ് നൽകുന്നതിന് ധനവകുപ്പിന്റെ അനുമതിയോടെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ ബഹു. സുപ്രീം കോടതിയിലെ സർക്കാർ കേസുകൾ വാദിക്കുന്നതിന് അഭിഭാഷകർക്ക് ഫീസ് നൽകുന്നു. ഇപ്രകാരം പാനലിൽ ഉൾപ്പെടാത്ത അഭിഭാഷകർക്ക് ബഹു.സുപ്രീം കോടതിയിലെ സർക്കാർ കേസുകൾ വാദിക്കുന്നതിന് ഫീസ് നൽകുന്നതിന് പ്രത്യേക അനുമതിക്കായി ഭരണവകുപ്പ് ശിപാർശ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പ് അനുമതി നൽകുകയുമാണ് ചെയ്യുന്നത്. |
| (ബി) | സാമ്പത്തിക അച്ചടക്കം സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയ ഉത്തരവിന് ശേഷം സംസ്ഥാനത്തെ മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവർ നടത്തിയ വിദേശയാത്രകൾ, സർക്കാർ പുതുതായി വാങ്ങിയ വാഹനങ്ങൾ എന്നിങ്ങനെയുള്ള ചെലവുകളുടെ കണക്കുകൾ ലഭ്യമാക്കാമോ? | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ